**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 896** **29-08-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തരൂർ മണ്ഡലത്തിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നൽകാനുള്ള കുടിശ്ശിക ഗ്രാൻറ് നാളിതുവരെ നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ വടക്കൻഞ്ചേരിയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയശാഖ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവിൽ പട്ടികജാതി, പട്ടികവർഗ്ഗം, ടൂറിസം എന്നീ വകുപ്പുകൾ 12:3:5 എന്ന അനുപാതത്തിൽ പ്രോജക്റ്റ് തുകയുടെ ചെലവ് വഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ 36,18,064/- രൂപയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകേണ്ട വിഹിതമായ 5,42,710/- രൂപ 12/03/2019 തീയതിയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. 2019-20 മുതൽ ടി സ്ഥാപനത്തിന്റെ നിലവിലുള്ള ധാരണാപത്രം പ്രകാരം പട്ടികജാതി വികസനവകുപ്പ് 70% ഗ്രാന്റും പട്ടികവർഗ്ഗ വികസന വകുപ്പ് 30% ഗ്രാന്റും ഈ സ്ഥാപനത്തിന്റെ ആവർത്തന ചെലവുകൾക്ക് അനുവദിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 2019-20 വർഷത്തെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായ 10,31,999/- രൂപയും 2020-21 വർഷത്തെ വിഹിതമായ 10,75,000/- രൂപയും ഉൾപ്പെടെ 21,07,608/- രൂപ 2225-02-102-93 കോർപ്പസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.<br><br>ശമ്പളം, ആവർത്തന ചെലവുകൾ എന്നീ ഇനങ്ങളിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 2019-20 മുതൽ 2022-23 വരെ അനുവദിക്കേണ്ട 49.81 ലക്ഷം രൂപയുടെ പ്രോപ്പോസൽ ടി സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ട്. ആയത് വിലയിരുത്തിയതിന്റെ അടിസ്ഥാ നത്തിൽ 2019-20 മുതൽ കുട്ടികളുടെ എണ്ണത്തിൽ |

| | | | |
|---|---|---|---|
| | | | പട്ടികജാതിയിൽപ്പെട്ട 138 പേർക്കും പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 3 പേർക്കും മറ്റ് സമുദായത്തിൽപ്പെട്ട 14 പേർക്കുമാണ് നാളിതുവരെ സ്ഥാപനത്തിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളത്. ശരാശരിയിലും താഴെയാണ് ഗുണഭോക്താക്കളുള്ളതെങ്കിൽ പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് നിർവ്വാഹമില്ല. മേൽപ്പറഞ്ഞ കാരണങ്ങളാലാണ് കുടിശ്ശിക ഗ്രാന്റ് നൽകാൻ കഴിയാതിരുന്നത്.<br><br>ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടപ്പ് സാമ്പത്തിക വർഷം മുതൽ വിവിധ കോഴ്സിനായുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന പക്ഷം ആനുപാതികമായി കുടിശ്ശിക നൽകാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കുടിശ്ശിക ഗ്രാൻറ് എന്ന് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | പാലക്കാട് ജില്ലയിലെ വടക്കൻഞ്ചേരിയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയശാഖ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവിൽ പട്ടികജാതി, പട്ടികവർഗ്ഗം, ടൂറിസം എന്നീ വകുപ്പുകൾ 12:3:5 എന്ന അനുപാതത്തിൽ പ്രോജക്റ്റ് തുകയുടെ ചെലവ് വഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ 36,18,064/- രൂപയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകേണ്ട വിഹിതമായ 5,42,710/- രൂപ 12/03/2019 തീയതിയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. 2019-20 മുതൽ ടി സ്ഥാപനത്തിന്റെ നിലവിലുള്ള ധാരണാപത്രം പ്രകാരം പട്ടികജാതി വികസനവകുപ്പ് 70% ഗ്രാന്റും പട്ടികവർഗ്ഗ വികസന വകുപ്പ് 30% ഗ്രാന്റും ഈ സ്ഥാപനത്തിന്റെ ആവർത്തന ചെലവുകൾക്ക് അനുവദിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 2019-20 വർഷത്തെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായ 10,31,999/- രൂപയും 2020-21 വർഷത്തെ വിഹിതമായ 10,75,000/- രൂപയും ഉൾപ്പെടെ 21,07,608/- രൂപ 2225-02-102-93 കോർപ്പസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.<br><br>ശമ്പളം, ആവർത്തന ചെലവുകൾ എന്നീ ഇനങ്ങളിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 2019-20 മുതൽ 2022-23 വരെ അനുവദിക്കേണ്ട 49.81 ലക്ഷം രൂപയുടെ പ്രോപ്പോസൽ ടി സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയത് വിലയിരുത്തിയതിന്റെ അടിസ്ഥാ നത്തിൽ 2019-20 മുതൽ കുട്ടികളുടെ എണ്ണത്തിൽ പട്ടികജാതിയിൽപ്പെട്ട 138 പേർക്കും പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 3 പേർക്കും മറ്റ് സമുദായത്തിൽപ്പെട്ട 14 പേർക്കുമാണ് നാളിതുവരെ സ്ഥാപനത്തിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളത്. ശരാശരിയിലും താഴെയാണ് ഗുണഭോക്താക്കളുള്ളതെങ്കിൽ പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് നിർവ്വാഹമില്ല. മേൽപ്പറഞ്ഞ കാരണങ്ങളാലാണ് കുടിശ്ശിക ഗ്രാന്റ് നൽകാൻ കഴിയാതിരുന്നത്.<br><br>ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടപ്പ് സാമ്പത്തിക വർഷം മുതൽ വിവിധ കോഴ്സിനായുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന പക്ഷം ആനുപാതികമായി കുടിശ്ശിക നൽകാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ